**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **02/03/2017 ൽ**
**നിയമസഭാ ചോദ്യം നം.T1441** | **മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി**

**ചോദ്യം**
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ ; പ്രതിസന്ധികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | ഉണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യവും വില വർദ്ധനവുമാണ് പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനത്ത് ആവശ്യമായ തോട്ടണ്ടിയുടെ ബഹുഭൂരിഭാഗവും വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടുന്ന അവസ്ഥയാണുള്ളത്. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കത്തിലുണ്ടായ വർദ്ധനവും ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്രം തോട്ടണ്ടിയുടെ തീരുവ കുറച്ചതുമൂലം സംസ്ഥാനത്തിന് എന്തെല്ലാം നഷ്ടങ്ങൾ ഉണ്ടാകുന്നുവെന്ന് വിശദമാക്കുമോ ; | (ബി) | കേന്ദ്ര സർക്കാർ തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം കുറയ്ക്കുകയല്ല കൂട്ടുകയാണുണ്ടായത്. ഇത് കശുവണ്ടി ഇറക്കുമതിയെ സാരമായി ബാധിക്കുകയും ഉല്പാദന ചെലവ് വർദ്ധിക്കുന്നതിനും കാരണമായി. |
| (സി) | ഈ മേഖലകളിൽ പണി എടുക്കുന്ന പുരുഷൻമാരുടേയും സ്ത്രീകളുടേയും എണ്ണം ലഭ്യമാക്കുമോ ; (നക്ഷത്ര ചിഹ്നമിട്ട ചോദ്യമായി അനുവദിക്കാവുന്നതാണ്.) | (സി) | ഈ മേഖലയിൽ 3 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കപ്പെടുന്നു. അതിൽ 90 ശതമാനത്തോളം സ്ത്രീ തൊഴിലാളികളാണ്. |
| (ഡി) | പ്രതിസന്ധികൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഡി) | തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാന പരിഹാരമാർഗ്ഗം. കൂടാതെ ഇറക്കുമതി ചുങ്കം കുറയ്ക്കുക, കയറ്റുമതി ഇൻസെന്റീവ് വർദ്ധിപ്പിക്കുക തുടങ്ങിയവയും പ്രതിസന്ധി പരിഹാരമാർഗ്ഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ